# STD - V

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന്   അദ്ധ്വാനിച്ച് ഭക്ഷിക്കുക   ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മൾ അദ്ധ്വാനിച്ച് ഭക്ഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അദ്ധ്വാനത്തിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ നാം പങ്കുചേരുന്നു. ഞാൻ അദ്ധ്വാനം ശീലമാക്കും.

### പഠനസഹായികൾ

* പാഠഭാഗത്തിലെ നാബോത്തിന്റെ കഥ
* വചനം : ഉൽപത്തി 3:19 (നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണമെന്ന് ദൈവം അരുൾ ചെയ്യുന്നു), 2 തെസലോനിക്ക 3:10 (അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ), 1 രാജാക്കന്മാർ 21:1-21 (നാബോത്തിന്റെ മുന്തിരിത്തോട്ടം)

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം - ലോകവസ്തുക്കളുടെ ഉടമസ്ഥൻ
* നാം ലോകവസ്തുക്കളുടെ കാവൽക്കാർ
* പൊതുമുതൽ നശിപ്പിക്കരുത്
* പങ്കുവയ്ക്കാനുള്ള മനസ്സ് വേണം
* അർഹമായതിൽ കൂടുതൽ ആഗ്രഹിക്കരുത്
* ന്യായമായ രീതിയിൽ വസ്തുക്കൾ സമ്പാദിക്കാനും അനുഭവിക്കാനും ഏതു വ്യക്തിക്കും അവകാശമുണ്ട്.

### പ്രാർത്ഥന

പ്രപഞ്ച സ്രഷ്ടാവായ ദൈവമേ, ഞങ്ങളുടെ അദ്ധ്വാനത്തിലൂടെ അങ്ങയെ ആരാധിക്കുന്നതിനും അങ്ങയോട് നന്ദിയുള്ളവരായിരിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ, ആമേൻ

## ചോദ്യങ്ങൾ

1. നമ്മുടെ അദ്ധ്വാനം ദൈവാരാധനയായി മാറുന്നത് എങ്ങനെ?
2. ലോകവസ്തുക്കളുടെയെല്ലാം ഉടമസ്ഥൻ ആരാണ്?
3. ആഹാബ് രാജാവിനെ ദൈവം ശിക്ഷിക്കാൻ കാരണമെന്ത്?
4. ലോകത്തിലുള്ള സകല അനീതികൾക്കും അക്രമങ്ങൾക്കും കാരണം എന്താണ്?
5. പ്രകൃതിയെ നാം എങ്ങനെ കൈകാര്യം ചെയ്യണം?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന്   അദ്ധ്വാനിച്ച് ഭക്ഷിക്കുക   ഭാഗം - രണ്ട്

### ലക്ഷ്യം

നമ്മൾ നമുക്ക് കഴിയുന്നതുപോലെ അദ്ധ്വാനിക്കുകയും മാതാപിതാക്കളെ സഹായിക്കുകയും, ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഞാൻ സഹജീവികളെയും എന്റെ മാതാപിതാക്കളെയും സഹായിക്കും.

### പഠനസഹായികൾ

* ബാലനായ യേശു നസ്രത്തിൽ യൗസേപ്പിതാവിനെ ജോലിയിൽ സഹായിക്കുന്ന ചിത്രം
* വചനം - 2 തെസ. 3:7-10 (അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ)
* ന്യൂസ്പേപ്പർ ഭാഗം - മാതാപിതാക്കൾ സമ്പാദിച്ച സ്വത്തിനുവേണ്ടി സഹോദരനെ കൊലപ്പെടുത്തിയ സംഭവം.

### പാഠത്തിന്റെ ഉള്ളടക്കം

* നമ്മൾ ചെയ്യുന്ന അദ്ധ്വാനത്തിലൂടെ നാം ദൈവത്തെ ആരാധിക്കുകയും അവിടത്തേക്ക് നന്ദിയർപ്പിക്കുകയും ചെയ്യുന്നു
* നാം പ്രകൃതിയെ സംരക്ഷിക്കണം
* മാനവസംസ്ക്കാരത്തിന്റെ മുഖമുദ്ര - അദ്ധ്വാനശീലം
* വി. യൗസേപ്പിതാവ് - തൊഴിലാളികളുടെ മദ്ധ്യസ്ഥൻ
* തൊഴിലിന്റെ മഹത്ത്വം - വിശുദ്ധ പൗലോസ്
* വീട്ടുജോലികളിൽ മാതാപിതാക്കളെ സഹായിക്കുക
* ഉള്ളതുകൊണ്ട് തൃപ്തിപ്പെടണം
* ആർഭാടം ഒഴിവാക്കണം. മിതവ്യയം പാലിക്കണം
* പങ്കുവയ്ക്കാനുള്ള മനസ്സുവേണം
* ദൈവത്തിന്റെ വിശുദ്ധ ജോണിന്റെ വാക്കുകൾ.

### പ്രാർത്ഥന

മാതാപിതാക്കളെയും സഹജീവികളെയും സഹായിക്കുവാനും സ്രഷ്ടവസ്തുക്കളെയും സംരക്ഷിക്കാനും വേണ്ട കൃപാവരം നൽകി എന്നെ അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. നാം അദ്ധ്വാനിച്ച് ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത് എന്തുകൊണ്ട്?
2. ആരാണ് തൊഴിലാളികളുടെ മദ്ധ്യസ്ഥൻ?
3. തൊഴിലിന്റെ മഹത്വത്തെക്കുറിച്ച് വി. പൗലോസ് അപ്പോസ്തലൻ പറയുന്നത് എന്ത്?
4. നാം എങ്ങനെയെല്ലാം നമ്മുടെ മാതാപിതാക്കളെ സഹായിക്കും?
5. സമയമുള്ളപ്പോൾ കഴിയുന്നിടത്തോളം നന്മ ചെയ്യുക. ആരുടെ വാക്കുകൾ?